ജൂലൈ 2023

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




ആരെയും
ആകർഷിക്കുന്ന
3
ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
ഞൊടി ഇടയിൽ പണം
നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O,Thrissur 680012
Ph 2360846,2360202,2365890
Customer Care : 8547667788,8547778899
ജോളി സ്റ്റീഫൻ
ചെയർമാൻ
ഡോ : ജോയ് ആന്റോ
മാനേജിങ് ഡയരക്ടർ



# മരിയനാദം


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com



**പുസ്തകം 29**
**2023 ജൂലൈ**
**ലക്കം 07**



ചീഫ് എഡിറ്റർ
ഫാ. ജെയ്സൻ പുന്നശ്ശേരി 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. ജേക്കബ് തോലത്ത് 9495565910

അസോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. കാതറിൻ CHF 9497301738
ശ്രീ. ജെയ്സൺ കൂള 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊളങ്ങര 8943554456
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
ഏക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർളിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)
നടത്തുകൈക്കാരൻ
ശ്രീ. സുരേഷ് ജേക്കബ് 9995430076


## താളുകളിലൂടെ...


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഊട്ടുതിരുനാൾ കമ്മിറ്റി– 2023 | 03 |
| ഇടയശബ്ദം | 04 |
| ഓർമ്മിക്കുക ആചരിക്കുക | 05 |
| കേന്ദ്ര കുടുംബകൂട്ടായ്മവാർത്തകൾ | 06 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 06 |
| വിശ്വാസ പരിശീലന വാർത്തകൾ | 08 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 09 |
| വിശ്വാസ വഴിയിലെ സംശയങ്ങൾ | 13 |
| നിയമാവബോധം | 15 |
| വിശുദ്ധി– കവിത | 16 |
| നാടുവിടുന്ന യുവതലമുറ | 17 |
| ലഹരി – ചെറുകഥ | 18 |
| ബൈബിൾ ക്വിസ് | 20 |
| ഞങ്ങൾ വരവായി | 23 |
| ഞങ്ങൾ ഒന്നായി | 23 |
| ഞങ്ങൾ യാത്രയായി | 23 |
| ഇടവകയിലേക്ക് വന്നവർ | 23 |
| ചായക്കൂട്ട് മത്സരം | 24 |


**നടത്തുകൈക്കാരൻ**
**ശ്രീ. സുരേഷ് ജേക്കബ് +91 9995430076**

**പള്ളി ഓഫീസ് സമയം**

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m. |
| | 6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

**ഇടവക പള്ളിയിലെ**
**വിശുദ്ധ കുർബ്ബാന സമയം**

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ–+919745844551



# എഡിറ്റോറിയൽ

ഹോളിലാൻഡ് സന്ദർശനം കഴിഞ്ഞ് തിരിച്ചെത്തി ദിവസങ്ങൾ, ആഴ്ചകൾ പിന്നിട്ടെങ്കിലും ഇന്നും ഒരു മായാലോകത്തിലെത്തിയ പ്രതീതി വിട്ടുമാറിയിട്ടില്ല. ഈശോ നടന്ന മണ്ണിലും, പാറക്കെട്ടുകളിലും, വെള്ളത്തിലും കാലുകുത്തുമ്പോൾ അവിടുത്തെ പാദസ്പർശമേറ്റ പൂഴിയും, ജലവും, പാറക്കഷണങ്ങളും വാരിക്കൊണ്ടു വരുവാനുള്ള ആവേശമായിരുന്നു. 10 ദിവസത്തെ യാത്രയിൽ ഇത്രയധികം ആവേശം കൊള്ളുന്നെങ്കിൽ 3 വർഷം കൂടെ കൊണ്ടുനടന്ന അപ്പസ്തോലന്മാരുടെ സ്ഥിതി എന്തായിരിക്കും. എന്നിട്ടും അവർ അവിശ്വസിച്ചു. വീണ്ടും ആത്മാവിനെ നൽകി ശക്തിപ്പെടുത്തിയപ്പോൾ പിന്നെ അവർക്കിരിക്കാനായില്ല.

തോമായുടെ നടപടി എന്ന അപ്രമാണിക ഗ്രന്ഥത്തിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു. അവർ പോകേണ്ട സ്ഥലങ്ങൾ കുറിയിട്ട് എടുത്തു എന്ന്. ഇന്ത്യ ലഭിച്ചത് തോമാശ്ലീഹായ്ക്ക് ആണ്. എന്നാൽ പാർത്തിയാക്കാരെ സുവിശേഷം അറിയിച്ചശേഷമാണ ഇവിടേക്ക് വന്നതെന്ന് സഭാചരിത്രകാരനായ എവുസേബിയൂസ് എഴുതിവച്ചിരിക്കുന്നു. അപ്പസ്തോലൻ എന്നാൽ അയയ്ക്കപ്പെട്ടവൻ എന്നർത്ഥം. പഴയനിയമത്തിൽ ഈ പദം കാണുന്നില്ല. എങ്കിലും ദൗത്യനിർവ്വഹണത്തിനായി സന്ദേശവാഹകരെ അയയ്ക്കുന്നുണ്ട്. യഹോഷാ ഫാത്ത് രാജാവ് യൂദാനഗരങ്ങളിൽ ജനങ്ങളെ പഠിപ്പിക്കാനായി അഞ്ച് ഉപദേഷ്ടാക്കളെ അയച്ചതായി കാണുന്നു (2 ദിന 17/7ൽ). ഇവരുടെ പേരുകളും ഇവിടെ പരാമർശിക്കുന്നുണ്ട്. ബൻഹായിൽ, ഒബാദിയാ, സഖറിയാ, നെത്തനേൽ, മിഖായാ ഇവരെയാണ് രാജാവ് അയച്ചത്.

യോഹന്നാൻ ശ്ലീഹാ തന്റ ഒന്നാം ലേഖനത്തിൽ തങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയാണ് നമ്മെ അറിയിക്കുന്നത് എന്നു വ്യക്തമാക്കുന്നുണ്ട്. അവർ സ്വന്തം കണ്ണുകൊണ്ട് കണ്ടതും, സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റിയാണ് അറിയിക്കുന്നതത്രെ.

വാർത്തകളിൽ നമ്മൾ കേൾക്കുന്നതുപോലെ സയൻസ് ഇനിയും പുരോഗമിക്കുമ്പോൾ വായുവിൽ അലിഞ്ഞുചേർന്ന ഏതു കാലത്തെയും ശബ്ദങ്ങളെ തിരിച്ചുപിടിക്കുമ്പോൾ യേശുവിന്റെ മലയിലെ പ്രസംഗങ്ങളും, തോണിയിലെ പ്രഭാഷണങ്ങളും, സിനഗോഗുകളിലെ വചനവ്യാഖ്യാനങ്ങളും എന്തിനേറെ രോഗശാന്തികളും, ഭൂതോച്ചാടനങ്ങളും വരെ വീണ്ടും കേൾക്കാനായാലത്തെ സ്ഥിതി അചിന്തനീയം തന്നെ! അതൊന്നു വേഗമായിരുന്നെങ്കിൽ സഭ ഇന്നു നേരിടുന്ന ഭീഷണികൾക്ക്

ഒരവസാനം ആയേനെ! തോമാശ്ലീഹായുടെ ഭാരത സന്ദർശനത്തെക്കുറിച്ചുള്ള സംശയ നിവാരണവും ഇതിലൂടെ സാധ്യമാകും ചരിത്രരേഖകളില്ലെന്ന കുറ്റപ്പെടുത്തലുകൾക്കുമപ്പുറം, മാർഗ്ഗംകളിപ്പാട്ടും, റമ്പാൻ പാട്ടും പുരാതനപ്പാട്ടുകളും ആണല്ലോ. ഇപ്പോൾ അപ്പസ്തോലന്റെ സന്ദർശനത്തെബലപ്പെടുത്തുന്നത്, ഏതായാലും.

അലക്സാഡ്രിയായിലെ ക്ലെമന്റ് ഒരിജൻ, എവുസേബിയൂസ്, മാർ അപ്രേം ഗ്രിഗറി നസിയാൻസൻ ഇവരുടെ പരാമർശങ്ങൾ തോമാശ്ലീഹായുടെ ഭാരതസന്ദർശനത്തിന് സാക്ഷ്യം നൽകുന്നുണ്ട്.

നമ്മുടെ പ്രിയപ്പെട്ട അപ്പസ്തോലനായ തോമാശ്ലീഹായോട് പ്രാർത്ഥിക്കാം. ഏവർക്കും ഫീസ്റ്റിന്റെ മംഗളങ്ങൾ നേരുന്നു.

**പത്രാധിപസമിതി**

## ഊട്ടു തിരുന്നാൾ കമ്മിറ്റി 2023

| | | |
|---|---|---|
| ജനറൽ കൺവീനർ | : | ഷിജു കൊക്കൻ |
| ജോയിന്റ് കൺവീനർമാർ | : | ജിന്റോ കോടൻകണ്ടത്ത് |
| | | ജോബി ചിറ്റിലപ്പിള്ളി |
| പബ്ലിസിറ്റി കൺവീനർ | : | അമൽ ചാർലി |
| ലിറ്റർജി കൺവീനർ | : | Mother (നിർമല കോൺവെന്റ് ) |
| പർച്ചേസ് കൺവീനർ | : | സാൻജോ സൈമൺ |
| കലവറ | : | ഡേവിസ് അറക്കെപ്പാടൻ |
| പാർസൽ | : | സെൻറ് വിൻസെന്റ് ഡി പോൾ |
| | | പുരുഷ വനിതാ വിഭാഗം |
| റിസപ്ഷൻ | : | ജോസ് ഇമ്മട്ടി |
| ഫുഡ് കൌണ്ടർ | : | സെബാസ്റ്റ്യൻ ഒഴുകയിൽ |
| വളണ്ടീയർ | : | ടോണി തരകൻ |
| രൂപക്കൂട് പന്തൽ | : | അലൻ പോൾസൺ |
| പായസം | : | സി. എൽ. സി, കെ. സി വൈ. എം. |
| വെള്ളം | : | അൽത്താരാ ബാലന്മാർ |

# ഇടയശബ്ദം





"നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകാനും നമുക്ക് സാധിക്കുകയില്ല." (1 തിമോ. 6:7)

ആഗതമാകുന്ന ദുക്റാന തിരുനാളാശംസകൾ. തിരുവിലാവിൽ നിന്നും തൊട്ടനുഭവിച്ച രക്തക്കറയിൽനിന്നുത്ഭവിച്ച വിശ്വാസത്തിന്റെ പിൻബലമല്ലാതെ മറ്റൊന്നും തോമാശ്ലീഹായ്ക്ക് കൈമുതലായുണ്ടായിരുന്നില്ല എന്ന് ചരിത്രം പരിശോധിച്ചുനോക്കിയാൽ നമുക്ക് വായിച്ചെടുക്കാനാകും. തികച്ചും അപരിചിതവുമായ നാടും സംസ്കാരവും ജനങ്ങളും ആചാരാനുഷ്ഠാനങ്ങളും! എവിടെനിന്നു തുടങ്ങണമെന്നുപോലും അറിയാതെ നാഥൻ പഠിപ്പിച്ച പാഠങ്ങളും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ബോധ്യങ്ങൾ മാത്രം കൈമുതൽ. "എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്." (ഫിലിപ്പി 1:21) ഈ മുദ്രാവാക്യവുമായാണ് അപ്പസ്തോലൻ നമ്മുടെ പൂർവ്വികരുടെ ഇടയിലേക്ക് കടന്നുവന്നത്. നമുക്കും അതുപോലെ തന്നെ പ്രാർത്ഥിക്കാം. "എന്റെ ആഗ്രഹം മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ്. കാരണം, അതാണ് കൂടുതൽ ശ്രേഷ്ഠം." (ഫിലിപ്പി 1:23) ഈ പ്രാർത്ഥന "പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യത്തോടെ" (ഹെബ്രാ 11:1) ജീവിക്കാൻ നമ്മെ പ്രാപ്തമാക്കും.

യേശുക്രിസ്തുവിനെ ആദ്യമായി അറിഞ്ഞവരും ആ വിശ്വാസത്തിൽ പിൻതുടരുന്നവരുമായ ഒരു പറ്റം മനുഷ്യരുടെ വലിയ വില നൽകലിന്റെ വാർത്തകളാണല്ലോ പത്രമാധ്യമങ്ങളിൽ നാം വായിക്കുക. മുഖ്യധാരാ പത്രങ്ങളും ടിവി ചാനലുകളും ഈ ദുരന്തം കണ്ടിട്ടില്ലാത്തത് പോലെ നടിക്കുന്നത് പൈശാചികമായ ഒരു പ്രവൃത്തിയാണ്. ഗോത്രവർഗ്ഗങ്ങൾ തമ്മിലുള്ള കലാപം എന്ന് വരുത്തി

തീർക്കുന്നതും തങ്ങൾക്കിഷ്ടപ്പെട്ടവർക്ക് ആയുധവും സൈന്യത്തിന്റെ സംരക്ഷണവും ഒരുക്കി കൊടുക്കുന്നത് യാദൃച്ഛികമാണെന്ന് കരുതുക വയ്യ. കൊടും തീവ്രവാദികളാണെന്ന് സ്വയം വിശേഷിപ്പിക്കുന്നവരെ പട്ടാളത്തിന്റെ കയ്യിൽ നിന്നും മോചിപ്പിക്കുക അതിനായി സ്ത്രീജനങ്ങളെ തെരുവിലിറക്കുക എന്ന നാടകം മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ളത് തന്നെ. ജനാധിപത്യത്തിന്റെ തറവാട് എന്ന് ഉറക്കെ വിളിച്ചുപറയുകയും, മാധ്യമസ്വാതന്ത്ര്യം നിഷേധിക്കുകയും ന്യൂനപക്ഷ അവകാശധ്വംസനം നടപ്പിലാക്കുകയും ചെയ്യുന്നത് ചില മത തീവ്രവാദികളുടെ അജണ്ട തന്നെയാണ്.

ഇത്തരുണത്തിൽ മണിപ്പൂരിലെ സഹോദരങ്ങളോട് പ്രാർത്ഥനകൊണ്ടും സാമ്പത്തികസഹായം കൊണ്ടും ധാർമ്മിക–മാനുഷിക മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിക്കാം. അകമഴിഞ്ഞ് സഹായിക്കാം.

ഒത്തിരി സ്നേഹത്തോടെ,

ജെയ്സനച്ചൻ




## ഓർമ്മിക്കുക ആചരിക്കുക

### 2023 ജൂലൈ

| | | |
|---|---|---|
| 03.07.2023 | തിങ്കൾ | ദുക്റാന |
| 06.07.2023 | വ്യാഴം | വി. മരിയാ ഗൊരേത്തി |
| 09.07.2023 | ഞായർ | വി. വെറോനിക്ക |
| 11.07.2023 | ചൊവ്വ | വി. ബനഡിക്ട് |
| 14.07.2023 | വെള്ളി | വി. കമില്ലസ്സ് |
| 16.07.2023 | ഞായർ | കർമലമാതാവ് |
| 17.07.2023 | തിങ്കൾ | പാലൂയൂർ തർപ്പണതിരുനാൾ |
| 21.07.2023 | വെള്ളി | വി. ലോറൻസ് |
| 25.07.2023 | ചൊവ്വ | ദൈവദാസി സി. മരിയ സെലിൻ |
| 26.07.2023 | ബുധൻ | വി. അന്നാ ജോവാക്കിം |
| 28.07.2023 | വെള്ളി | വി. അൽഫോൻസാമ്മ |
| 31.07.2023 | തിങ്കൾ | വി. ഇഗ്നേഷ്യസ് ലയോള |

# കേന്ദ്രസമിതി വാർത്തകൾ

1. ജൂൺ 4 ന് അതിരൂപത കുടുംബകൂട്ടായ്മ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ കുടുംബകൂട്ടായ്മ പതാകദിനമായി ആഘോഷിക്കുവാൻ ആഹ്വാനം ചെയ്തത് പ്രകാരം കൂട്ടായ്മ ഭാരവാഹികൾ ആദ്യത്തെ കുർബ്ബാനയിൽ പങ്കെടുക്കുകയും, കാഴ്ചസമർപ്പണം നടത്തുകയും കുർബ്ബാനയ്ക്കുശേഷം വികാരിയച്ചന്റെ നേതൃത്വത്തിൽ പതാക ഉയർത്തി ആചരിച്ചു.
1. സ്പോർട്സ് മത്സരങ്ങൾ നടത്താൻ തീരുമാനിച്ചു. തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.
32. ആകാശയാത്ര/വിദേശയാത്ര നടത്താൻ തീരുമാനിച്ചു. തിയ്യതിയും മറ്റു വിവരങ്ങളും പിന്നീട് അറിയിക്കുന്നതാണ്.
4. കുടുംബകൂട്ടായ്മയിൽ നിന്നുള്ള വാർത്തകൾ മരിയനാദത്തിലേക്ക് കൃത്യസമയങ്ങളിൽ കൊടുക്കാൻ തീരുമാനിച്ചു.
5. 10, 12 ക്ലാസുകളിൽ Full A+, A1 നേടിയ കുട്ടികളുടെ പേരുകൾ യൂണിറ്റടിസ്ഥാനത്തിൽ കണ്ടെത്തി സമ്മാനങ്ങൾ നൽകാൻ തീരുമാനിച്ചു.
6. കുടുംബകൂട്ടായ്മകളിലെ പ്രാർത്ഥന ലഘൂകരിച്ച് ഏകീകരിക്കുന്നതു സംബന്ധിച്ച് വികാരിയച്ചനോടാലോചിക്കാൻ കേന്ദ്രസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തി.
7. കുടുംബകൂട്ടായ്മ വാർഷികത്തിന് യൂണിറ്റ് പ്രസിഡന്റുമാരെ, അവർ നിശ്ചയിക്കുന്ന വ്യക്തിയോ, പാസ്റ്ററൽ കൗൺസിൽ മെമ്പേഴ്സ്, ഫൊറോന കൗൺസിൽ മെമ്പേഴ്സ്, മേഖല കൺവീനേഴ്സ് എന്നിവരെ ഉൾപ്പെടുത്തുന്നത് ഉചിതമെന്ന് അഭിപ്രായപ്പെട്ടു.
8. ആഗസ്റ്റ് 15 ലെ സ്വർഗ്ഗാരോപിത മാതാവിന്റെ തിരുന്നാളിന് കുടുംബകൂട്ടായ്മകളുടെ പൂർണ്ണസഹകരണം നൽകാൻ തീരുമാനിച്ചു.

എന്ന്, **സെക്രട്ടറി ജോർലിൻ ജോഷി**

---

# 11.06.2023 പ്രതിനിധിയോഗ തീരുമാനങ്ങൾ

1. 2023 മാർച്ച്, ഏപ്രിൽ, മെയ് മാസത്തെ വരവ്-ചിലവ് കണക്ക് വായിച്ചു പാസ്സാക്കി.
2. ഇടവകയിലെ ആഘോഷങ്ങളുടെ കണക്ക് പ്രതിനിധിയോഗത്തിൽ വായിച്ചു പാസ്സാക്കിയ ശേഷം മാത്രം പാരിഷ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുക.
3. പള്ളിയുമായി ബന്ധപ്പെട്ട നിർമ്മാണത്തിന്റെ പേപ്പറുകൾ കൃത്യമാക്കാനായി വികാരിയച്ചനേയും കൈക്കാരന്മാരെയും ചുമതലപ്പെടുത്തി
4. സെന്റ് ജോൺസ് യൂണിറ്റ് പുതിയ പ്രസിഡണ്ടായി ഷിജു കൊക്കൻ പ്രതിനിധി യോഗ മെമ്പറായി ഉൾപ്പെടുത്തി.

5. ഡിസംബർ 5-ാം തിയ്യതി ഇടവകപള്ളിയിൽ "സ്നേഹോത്സവം" നടത്താൻ തീരുമാനിച്ചു. ഇടവകക്കാരുടെ ആത്മീയ നവീകരണത്തിന് നല്ലതാണെന്ന് യോഗം അംഗീകരിച്ചു.
6. കുടുംബകൂട്ടായ്മ യൂണിറ്റുകളിൽനിന്നും പുതിയ കൈക്കാരന്മാരുടെ ലിസ്റ്റ് എത്രയും പെട്ടെന്ന് പള്ളി ഓഫീസിൽ എത്തിക്കുക.
7. സെന്റ് ജോസഫ് ഹാളിനോട് ചേർന്ന് പുതിയ അടുക്കള പണിത സാഹചര്യത്തിൽ ഇടവകക്കാർക്ക് സെന്റ് ജോസഫ് ഹാളിന് 22000/- രൂപയായി ഉയർത്തിയിട്ടുള്ളതും ഇടവകക്കാർ അല്ലാത്തവർക്ക് സെ.ജോസഫ് ഹാളിന് 30000/ രൂപയായി പുതുക്കി നിശ്ചയിച്ചു. അടുക്കളക്ക് വേറെ പ്രത്യേക ചാർജ്ജ് ഈടാക്കുന്നതല്ല. ആദ്യം ബുക്ക് ചെയ്യുന്നവർക്ക് അടുക്കളക്ക് മുൻഗണനക്രമം.
8. 11.6.2023 തിയ്യതി മുതൽ Cana Dine Hallന് ഇടവകക്കാർക്ക് 11,000/- ഇടവകക്കാരല്ലാത്തവർക്ക് 15000/- രൂപയായും നിശ്ചയിച്ചിട്ടുള്ളതാണ്.
9. ആഗസ്റ്റ് 15, 2023 മാതാവിന്റെ ഊട്ടുതിരുനാൾ ജനറൽ കൺവീനറായി ഷിജു കൊക്കൻ ജോയിന്റ് കൺവീനർമാരായി ജിന്റോ കോടങ്കണ്ടത്ത്, ജോബി ചിറ്റിലപ്പിള്ളി എന്നിവരേയും ഐക്യകണ്ഠേന തെരഞ്ഞെടുത്തു.
10. വിശ്വാസപരിശീലന യൂണിറ്റിന്റെ ചിലവിന് കാലാനുസൃതമായ വർദ്ധനവ് ആവശ്യം അപേക്ഷയായി ഹെഡ്മാസ്റ്റർ ഡോ. ജോയ് കരേരക്കാട്ടിൽ സമർപ്പിച്ചു. മതബോധന യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് 110000/- രൂപ സാമ്പത്തിക സഹായം നൽകാൻ പ്രതിനിധിയോഗം തീരുമാനിച്ചു.

എന്ന്,
**സെക്രട്ടറി**
**അഡ്വ. നെറ്റോ നെല്ലിശ്ശേരി**

## കെ.സി.വൈ.എം. അയ്യന്തോൾ - പുതിയ ഭാരവാഹികൾ



ഇടവകയുടെ
അഭിനന്ദനങ്ങൾ



**അമൽ ചാർളി**
പ്രസിഡന്റ്

**ഓസ്റ്റിൻ ഡേവി ഡെൽസൻ**
വൈസ് പ്രസിഡന്റ്



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹമുള്ള മാതാപിതാക്കളേ, അധ്യാപകരേ, വിദ്യാർത്ഥികളെ,

നമ്മുടെ നാട്ടിൽ സുവിശേഷത്തിന് സാക്ഷ്യം വഹിച്ച് രക്തസാക്ഷിയായ മാർ തോമാശ്ലീഹായുടെ ധീരരക്തസാക്ഷിത്വത്തിന്റെ ഓർമ്മദിനം ആചരിക്കുന്ന ജൂലൈ 3, ദുക്റാന തിരുനാളിന്റെ എല്ലാവിധ പ്രാർത്ഥനാശംസകളും ഏറെ സ്നേഹപൂർവ്വം നേരുന്നു. ഈയവസരത്തിൽ നമ്മുടെ മക്കളെ ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ആഴപ്പെടുത്തുവാൻ വി. തോമാശ്ലീഹായുടെ മാധ്യസ്ഥം നമുക്ക് യാചിക്കാം. ജൂൺ 4-ാം തിയ്യതി ഞായറാഴ്ച കാലത്ത് 8 മണിക്ക് ഇടവക ദേവാലയത്തിൽ വച്ച് വർഷാരംഭപ്രാർത്ഥനയോടുകൂടി പുതിയൊരു വിശ്വാസപരിശീലനവർഷത്തിന് നാന്ദികുറിച്ചു. നമ്മുടെ ഇടവകയിലേക്കും വിശ്വാസ പരിശീലന യൂണിറ്റിലേക്കും പുതിയതായി കടന്നുവന്ന അധ്യാപകരേയും വിദ്യാർത്ഥികളേയും വികാരിയച്ചനും നിർമ്മല കോൺവെന്റ് മദർ സുപ്പീരിയറും ചേർന്ന് റോസാപൂക്കൾ നല്കി സ്വാഗതം ചെയ്യുകയുണ്ടായി. എല്ലാ ഞായറാഴ്ചയും കാലത്ത് 7.55 മുതൽ 9.30 വരെയുള്ള വിശ്വാസ പരിശീലന ക്ലാസ്സുകളുടെ സമയത്ത് വിദ്യാർത്ഥികൾ കൃത്യസമയത്ത് തന്നെ നിർമ്മല കോൺവെന്റ് സ്കൂളിൽ എത്തിച്ചേരുവാൻ മാതാപിതാക്കളുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ താത്പര്യപ്പെടുന്നു. മാതാപിതാക്കൾ ആത്മീയകാര്യങ്ങളിൽ ശ്രദ്ധാലുക്കൾ ആണെങ്കിൽ മാത്രമേ നമ്മുടെ കുഞ്ഞുമക്കളും ഇക്കാര്യത്തിൽ തീക്ഷ്ണതയുള്ളവരായി മാറുകയുള്ളൂ എന്ന സത്യം നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. 9.45 നുള്ള വി.കുർബ്ബാനയിൽ നമ്മുടെ മക്കളോടൊപ്പം മാതാപിതാക്കളും പങ്കെടുക്കണം എന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് പ്ലസ് ടു, എ.സി.സി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പള്ളിയങ്കണത്തിൽ ജൂൺ 4-ാം തിയതി ഫലവൃക്ഷതൈകൾ നടുകയും പ്രകൃതിയോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണമെന്നും പ്രകൃതിയെ ആദരിച്ചുകൊണ്ട് തന്നെ ജീവിതം മുന്നോട്ട് നയിക്കേണ്ടതിന്റെ ആവശ്യകത എന്നീ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

ജൂൺ 25-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2.30 മുതൽ 4.00 മണി വരെ നടന്ന പി.ടി.എ ജനറൽ ബോഡി യോഗം തൃശൂർ അതിരൂപതാ കാറ്റക്കിസം കൗൺസിൽ കൺവീനർ ശ്രീ. വി.കെ. ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിച്ച് മുഖ്യപ്രഭാഷണം നടത്തുകയുണ്ടായി. ആധുനിക കാലഘട്ടത്തിൽ കുട്ടികളുടെ ആത്മീയ പഠനത്തിലും പരിശീലനത്തിലും മാതാപിതാക്കളുടെ പങ്കിനെക്കുറിച്ചും ഉദ്ഘാടകൻ വിശദീകരിക്കുകയുണ്ടായി.

വികാരി റവ. ഫാ. ജെയ്സൺ പുന്നശ്ശേരിയച്ചൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ ഡോ. ജോയ് കരേരക്കാട്ടിൽ റിപ്പോർട്ടും പ്രോഗ്രാം കൺവീനർ അഡ്വ. ജോസ് ഡേവിസ് സ്വാഗതവും പി.ടി.എ പ്രസിഡന്റ് ഡോ. നന്ദിത ജസ്റ്റിൻ നന്ദിപ്രകാശനവും നടത്തി.

ജൂൺ 18-ാം തിയ്യതി ഞായറാഴ്ച രണ്ടാമത്തെ കുർബ്ബാനയ്ക്ക് ശേഷം മണിപ്പൂരിൽ നടക്കുന്ന കലാപങ്ങളിൽ വേദനിക്കുന്ന സഹോദരി സഹോദരങ്ങൾക്ക് പ്രത്യേകിച്ച് ക്രിസ്തീയ വിശ്വാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ട് വിശ്വാസപരിശീലന വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും അധ്യാപകരും യോഗം ചേർന്ന് അക്രമപ്രവർത്തനങ്ങളെ അപലപിക്കുകയും അവർക്ക് വേണ്ടി ദൈവ സന്നിധിയിൽ പ്രാർത്ഥിക്കുകയും ചെയ്തു.

ജൂലായ് 30-ാം തിയ്യതി കാലത്ത് വിശ്വാസപരിശീലന ക്ലാസ്സുകളുടെ സമയത്ത് ഫസ്റ്റ് മിഡ് ടേം പരീക്ഷ നടത്തുന്നതായിരിക്കും. പഠിക്കേണ്ട (പാഠഭാഗങ്ങൾ: Text Book 1-3 chapters: നമസ്കാരം ഃ ബൈബിൾ പഠനസഹായി - Ist term) കുട്ടികൾ നന്നായി പഠിക്കുവാൻ മാതാപിതാക്കൾ പ്രോത്സാഹിപ്പിക്കുമല്ലോ. വിശ്വാസപരിശീലന ക്ലാസ്സുകളിൽ കുട്ടികൾ കൃത്യമസയത്ത് തന്നെ ഹാജരാക്കുന്നുണ്ടെന്ന് മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

സ്നേഹത്തോടെ,

**ഡോ. ജോയ് കരേരക്കാട്ടിൽ,**
പ്രിൻസിപ്പാൾ



## കുടുംബകൂട്ടായ്മ വാർത്തകൾ

# ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ

ലിറ്റിൽ ഫ്ളവർ യൂണിറ്റ് കുടുംബകൂട്ടായ്മ 3 മണിക്ക് ആളൂര് പുളിക്കൻ ബൈജു ജോസിന്റെ ഭവനത്തിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. ഗൃഹനാഥൻ സ്വാഗതം പറഞ്ഞു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ബഹുമാനപ്പെട്ട വികാരിയച്ചനും, സിറ്റേഴ്സും പങ്കെടുത്തു,

* മഴക്കാല രോഗങ്ങളെ കുറിച്ച് ഒരു ക്ലാസ് നടത്തുവാൻ തീരുമാനിച്ചു.
* പ്രകൃതി ദിനത്തിന്റെ ഭാഗമായി വൃക്ഷതൈ, പള്ളി പറമ്പിൽ യൂണിറ്റ് പ്രതിനിധികളും, കൈക്കാരനും ചേർന്ന് നടുകയും ചെയ്തു.
* കുട്ടികൂട്ടായ്മയിലെ വിദ്യാർത്ഥികൾക്ക് യൂണിറ്റിൽ നിന്ന് പഠനോപകരണങ്ങൾ നൽകി.

* വണക്കമാസം കാലം കൂടൽ ടോണി തരകന്റെ വീട്ടിൽ മെയ് 31 ന് 7 മണിക്ക് പ്രാർത്ഥനയോടെ ആരംഭിച്ചു. അതിനുശേഷം സ്നേഹവിരുന്നുണ്ടായിരുന്നു. ബൈബിൾ ക്വിസ് ജോഷ്വയുടെ പുസ്തകത്തിൽ നടത്തി. യോഗം 4.30ന് പ്രാർത്ഥനയോടെ അവസാനിച്ചു.

എന്ന്

സെക്രട്ടറി **സിജോ കുളങ്ങര**



ലിറ്റിൽഫ്ലവർകുടുംബകൂട്ടായ്മയിലെ കുട്ടിക്കൂട്ടായ്മയിലെ വിദ്യാർത്ഥികൾക്ക് യൂണിറ്റിൽ നിന്നും പഠനോപകരണങ്ങൾനൽകി .....



# ഹോളി ഫാമിലി കുടുംബകൂട്ടായ്മ

ഹോളി ഫാമിലി യൂണിറ്റിന്റെ പ്രതിമാസപ്രാത്ഥനാ യോഗം 2023 ജൂൺ 11 ന് ഞായറാഴ്ച 3 മണിക്ക് ശ്രീ ഡേവീസ് തേറാട്ടിലിന്റെ വീട്ടിൽ കൂടുകയുണ്ടായി. ബഹു .വികാരിയച്ചന്റെ അദ്ധ്യക്ഷയിൽ കൂടിയ യോഗത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സംഘടിപ്പിച്ച ഷൂട്ടൗട്ട് മത്സരത്തിൽ ഒന്നാം സ്ഥാനം നേടി മികച്ച പ്രകടനം കാഴ്ചവെച്ച ഹോളി ഫാമിലി യൂണിറ്റിലെ കുട്ടികളെ പ്രത്യേകം അഭിനന്ദിച്ചു. തുടർന്നും മികച്ച രീതിയിൽ യൂണിറ്റ് മുന്നോട്ട് വരണമെന്ന് വികാരിയച്ചൻ യോഗത്തിൽ അഭിനന്ദനമറിയിച്ച് ആശംസകൾ നേർന്നു.കേന്ദ്രസമിതി നിർധനരായവർക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ നമ്മുടെ യൂണിറ്റിന്റെ സഹകരണമുണ്ടാകുമെന്ന് പ്രസിഡന്റ് റസ്സൽ കല്ലൂർ  പ്രസ്താവിച്ചു. അർഹത പ്പെട്ടവരുടെ ആവശ്യങ്ങൾ കേന്ദ്ര സമിതിയിൽ നിന്നറിയിച്ചാൽ  സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു വേണ്ട ആവശ്യങ്ങളിൽ സഹായിക്കാമെന്നും അവശ ്യം എന്തെന്ന് കേന്ദ്രസമിതി അറിയിക്കണമെന്നും യോഗത്തിൽ കൂട്ടായ അഭിപ്രായമു യർന്നു..തുകയായി  നൽകുന്നതിനു പകരം പല വ്യഞ്ജനങ്ങൾ, മരുന്ന് എന്നിവ വാങ്ങി നൽകുന്നതായിരിക്കും ഉചിതമെന്ന് യോഗത്തിൽ തീരുമാനമെടുത്തു. ആഗസ്റ്റിലെ ഊട്ടു തിരുനാളുമായി ബന്ധപ്പെട്ടുള്ള സ്നേഹോത്സവവും, പ്രതിനിധി യോഗവിഷയങ്ങളും പ്രാർത്ഥനാ യോഗത്തിൽ ചർച്ച ചെയ്തു.

**സെക്രട്ടറി**

# സെന്റ് ജോസഫ് കുടുംബകൂട്ടായ്മ

അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ ദേവാലയത്തിലെ സെന്റ് ജോസഫ് കുടും ബകൂട്ടായ്മയുടെ 31-ാം വാർഷികദിനം 28 മെയ് 2023 ഞായറാഴ്ച ആഘോഷിച്ചു. അന്നേ ദിവസം രാവിലെ 6.30ന്റെ കുർബ്ബാനയിൽ യൂണിറ്റംഗങ്ങൾ കാഴ്ചസമർപ്പണം നടത്തി. പള്ളിയിലെ പുഷ്പാലങ്കാരവും കുർബ്ബാന മദ്ധ്യേയുള്ള കാറോസൂസ പ്രാർത്ഥനയ്ക്കും ബൈബിൾ വായനയ്ക്കും യൂണിറ്റ് നേതൃത്വം നൽകി. വൈകീട്ട് 5.30ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ പ്രാർത്ഥയോടു ആരംഭിച്ച യോഗത്തിന് പ്രസിഡന്റ് സെബാസ്റ്റ്യൻ എലുവത്തിങ്കൽ സ്വാഗതം പറഞ്ഞു. കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ മേജോ ജോസ് അദ്ധ്യക്ഷ പ്രസംഗം നടത്തി. തുടർന്ന് ഇടവകവികാരി ഫാ. ജെയ്സൺ പുന്നശ്ശേരി ദീപം കൊളുത്തി ഉദ്ഘാടനം നിർവ ഹിച്ചു. സെക്രട്ടറി ജെയ്ബി ടോണി റിപ്പോർട്ടും ട്രഷറർ ടിന്റോ പോൾ കണക്കും അവതരിപ്പിച്ചു. യോഗം പാസ്സാക്കി യൂണിറ്റ് ആനിമേറ്ററും നിർമ്മല കോൺവെന്റ് മദർ സുപ്പീരിയറുമായ റവ. സി. കാതറിൻ അനുഗ്രഹ സന്ദേശം നൽകി. നടത്തു കൈക്കാരൻ ശ്രീ. സുരേഷ് ജെയ്ക്കബ്ബ് ആശംസയർപ്പിച്ചു സംസാരിച്ചു. കുട്ടിക ളുടെയും മുതർന്നവരുടെയും കലാപരിപാടികൾ അരങ്ങേറി കലാപരിപാടികളിൽ പങ്കെടുത്തവർക്ക് സമ്മാനവും നൽകി. +2 വിനെ മുഴുവൻ വിഷയങ്ങളിലും A+ നേടിയ നിയ റോസ് വിൽസന് അഭിനന്ദിച്ച് മെമെന്റോ ദാനവും നടത്തി. വൈസ്

പ്രസിഡന്റ് വിൽസൻ കെ.ആർ. നന്ദി പ്രകാശിപ്പിച്ച് സംസാരിച്ചു. സ്നേഹവിരുന്നോടുകൂടി യോഗം സമംഗളം അവസാനിച്ചു

സെക്രട്ടറി , **ജെയ്ബി ടോണി**

# ഹോളി ട്രിനിറ്റി കുടുംബകൂട്ടായ്മ

ഹോളി ട്രിനിറ്റി കുടുംബകൂട്ടായ്മയുടെ ഏഴാം വാർഷികം 2023 ജൂൺ 4ന് ആഘോഷിച്ചു. രാവിലെ 6.30ന് നടന്ന വിശുദ്ധ കുർബാനയിൽ യൂണിറ്റ് അംഗങ്ങൾ കാഴ്ച സമർപ്പണം നടത്തുകയും തുടർന്ന് വികാരിയച്ചൻ, യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ചേർന്ന് തിരി തെളിയിക്കുകയും കുർബാനയിലെ വായനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. വൈകീട്ട് 6.30ന് സെ. മേരീസ് ഹാളിൽ നടന്ന വാർഷിക പൊതുയോഗത്തിൽ എവ്‌ലിൻ ലിയോണി, ഏതൻ തോമസ്, ജുവൽ സുരേഷ് എന്നിവർ ചേർന്ന് പ്രാർത്ഥന ഗാനം അവതരിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റും നടത്തുകൈക്കാരനുമായ ശ്രീ. സുരേഷ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ യൂണിറ്റ് ജോയിന്റ് സെക്രട്ടറി ശ്രീമതി മേരി ലാസർ കോനിക്കര എല്ലാവർക്കും സ്വാഗതമേകി. സെക്രട്ടറി മിസ് നവിത ജോൺസൺ വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീ. ജോൺസൺ പുലിക്കോട്ടിൽ വാർഷിക കണക്കും അവതരിപ്പിച്ച് യോഗം പാസ്സാക്കി. ഇടവക വികാരി റവ.ഫാ.ജെയ്സൺ പുന്നശ്ശേരി ഉദ്ഘാടനകർമ്മം നിർവഹിച്ച് സംസാരിക്കവേ പരിശുദ്ധ ത്രിത്വത്തിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ശ്രീ. മേജോ കെ.ജെ. നടത്തിയ മുഖ്യ പ്രഭാഷണത്തിൽ കുടുംബ കൂട്ടായ്മയുടെ പ്രസക്തി എന്തെന്ന് വിശദീകരിക്കുകയും ചെയ്തു.

നിർമ്മല കോൺവെന്റ് മദർ റവ.സി. കാതറിൻ റോസ് നടത്തിയ അനുഗ്രഹപ്രഭാഷണത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ പ്രാധാന്യത്തെപ്പറ്റി പങ്കുവെയ്ക്കുകയുണ്ടായി, അനിമേറ്റർ സി. ഹിത ഫ്രാൻസിസ്, പ്രതിനിധിയോഗ സെക്രട്ടറി ശ്രീ. നെറ്റോ നെല്ലിശ്ശേരി എന്നിവർ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളാശംസകൾ നേരുകയുണ്ടായി.

വേദപഠനത്തിൽ ഒന്നും, രണ്ടും റാങ്കുകൾ കരസ്ഥമാക്കിയ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയുണ്ടായി, മറ്റു ഉന്നതവിജയം നേടിയവരെ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സാഹിത്യമത്സരവിജയികൾ, കരോൾഗാന മത്സര വിജയികൾ, കുടുംബകൂട്ടായ്മയിൽ മുടങ്ങാതെ വന്നവർ എന്നിവർക്കും സമ്മാനങ്ങൾ നൽകി. പരിശുദ്ധ ത്രിത്വത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള ആഴമേറിയ അറിവു ലഭിക്കുന്നതിനായി ഇനി വരുന്ന കുടുംബസമ്മേളനങ്ങളിൽ സജീവമായ ചർച്ചകൾ നടത്തുവാൻ തീരുമാനിച്ചു, യോഗത്തിൽ കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ കലാപരിപാടികൾ നടത്തുകയുണ്ടായി, പരിപാടിയിൽ പങ്കെടുത്ത കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയുണ്ടായി. ശ്രീമതി മേരി ലാസറിന്റെ നേതൃത്വത്തിൽ വിവിധ വിനോദപരിപാടികളും നടത്തപ്പെട്ടു, തുടർന്ന് നടന്ന ഡിന്നറിൽ എല്ലാവരും പങ്കുചേരുകയും ചെയ്തു. ശ്രീ. ജോജോ പാലത്തിങ്കൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. യോഗം രാത്രി 8.30ന് സമാപിച്ചു.

**സെക്രട്ടറി**

# 15-ാം ചരമവാർഷികം
## 21.07.2023



# കെ.പി. തോമസ് (ബ്യൂട്ടി)
## കരേരക്കാട്ടിൽ ഹൗസ്
### അയ്യന്തോൾ

പ്രാർത്ഥനാപൂർവ്വം : ഭാര്യ, മക്കൾ, പേരക്കുട്ടികൾ

സെന്റ് സേവിയേഴ്സ് യൂണിറ്റ്

# 10-ാം ചരമവാർഷികം

20. 07. 2023





## കണ്ണമ്പുഴ അന്തോണി മകൻ

# ജോസഫ്

ജനനം : 16.06.1936

മരണം : 20.07.2013



പ്രാർത്ഥനാപൂർവ്വം
സന്തപ്ത കുടുംബാംഗങ്ങൾ

ഹോളി ഫാമിലി യൂണിറ്റ്

# 20-ാം ചരമവാർഷികം
# 28.07.2023



## തറയിൽ ദേവസ്സി ജേക്കബ്ബ്

**(Retd. Villageman)**

ജനനം : 21-05-1948

മരണം : 28-07-2003

പ്രാർത്ഥനാപൂർവ്വം

ഭാര്യ: റോസി ജേക്കബ്ബ്

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ


വിശുദ്ധനാട് സന്ദർശനം
06-05-2023 to 17-05-2023




വിശുദ്ധർ സ്വർഗത്തിൽ ദൈവത്തോടൊപ്പമാണോ? അന്ത്യവിധി സമയത്ത് എല്ലാവരേയും വിധിക്കുമെന്നല്ലേ പറയുന്നത്?

വിശുദ്ധർ മരണശേഷം ദൈവത്തോടൊത്താണ് എന്നുള്ളത് സത്യമാണ്. പൊതുവിധിയും, തനതുവിധിയും തമ്മിലുള്ള വ്യത്യാസം നാം ഇവിടെ അറിഞ്ഞിരിക്കണം. തനതു വിധിയെന്നു പറഞ്ഞാൽ മരണസമയത്തുതന്നെ ദൈവം ഒരാത്മാവിനെ വിധിക്കുന്നു. അതായത് എപ്പോഴാണോ ഒരാത്മാവ് ശരീരം വിടുന്നത് അഥവാ ശരീരത്തിന് മരണം സംഭവിക്കുന്നത് ആ നിമിഷത്തിൽ തന്നെ ദൈവം ആത്മാവിനെ വിധിക്കുന്നു.

തനതു വിധിയുടെ സാധുതയെ വിശുദ്ധ ഗ്രന്ഥം അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുണ്ട്. ധനവാന്റെയും ലാസറിന്റെയും ഉപമ തന്നെ ഇത് വ്യക്തമാക്കുന്നു. ആ ദരിദ്രൻ മരിച്ചു. ദൈവദൂതന്മാർ അവനെ അബ്രാഹത്തിന്റെ മടിയിലേക്ക് സംവഹിച്ചു. ആ ധനികനും മരിച്ച് അടക്കപ്പെട്ടു. അവൻ നരകത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ കണ്ണുകളുയർത്തി നോക്കി. ദൂരെ അബ്രാഹത്തെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു (ലൂക്കാ 16: 22-23). ലാസറിന്റെയും ധനവാന്റെയും മരണശേഷം ഉടനടി സംജാതമാകുന്ന അവസ്ഥയെക്കുറിച്ചാണ് ഈശോ ഇവിടെ വ്യക്തമാക്കുന്നത്. തനതുവിധിയുടെ സാധുതയിലേക്കാണ് ഈ ഉപമ വിരൽ ചൂണ്ടുന്നത്. നല്ല കള്ളനോട് ഈശോ അരുൾ ചെയ്യുന്നു: നീ ഇന്നു എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും (ലൂക്കാ 23 : 43) അവന്റെ മരണത്തിന്റെ നിമിഷം മുതൽ ഈശോയോടൊത്ത് അവൻ പറുദീസായിലായിരിക്കും എന്നതിന്റെ അർത്ഥം മരണത്തോടെ ഒരുവന്റെ തനതുവിധി നടപ്പിലാകുന്നു എന്നതു തന്നെയല്ലേ? അല്ലായിരുന്നുവെങ്കിൽ ഈശോ പറയുമായിരുന്നു: നിന്റെ അപേക്ഷ ഞാൻ സ്വീകരിച്ചിരിക്കുന്നു. പക്ഷേ പൊതുവിധിവരെ നീ കാത്തിരിക്കണം. എന്നാൽ, ഇന്ന് നീ എന്നോടുകൂടി പറുദീസായിലായിരക്കുമെന്ന് വ്യക്തമാക്കികൊണ്ട് തനതു വിധിയുടെ സാധുതയെ ഈശോ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ഹെബ്രായ ലേഖന കർത്താവും ഇതേ ആശയം തന്നെ വ്യക്തമാക്കുന്നുണ്ട്: "മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം; അതിനുശേഷം വിധി എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു."

(ഹെബ്രാ 9: 27-28) മരണശേഷമുള്ള ഈ വിധിയെയാണ് പരിശുദ്ധ കത്തോലിക്കാസഭ തനതുവിധി എന്നു പറയുന്നത് ശരീരത്തിൽ നിന്നകന്ന് (മരിച്ച്) ക്രിസ്തുവിനോടൊന്നായിരിക്കാൻ (2 കോറി 5: 8 ആഗ്രഹിക്കുന്ന പൗലോസിനെ നാം കണ്ടുമുട്ടുന്നു. മരണശേഷമുള്ള ഉടമ്പടി ക്രിസ്തുവിനോടൊത്തു ചേരാനാകുമെന്നല്ലേ വിശുദ്ധ പലോസ് അർത്ഥമാക്കുന്നത്.

മരണസമയത്തെ വിധിയിലൂടെ ഒരു വ്യക്തി ഒന്നുകിൽ സ്വർഗത്തിലോ, നരകത്തിലോ അല്ലെങ്കിൽ ശുദ്ധീകരണ സ്ഥലത്തിലോ എത്തിച്ചേരുന്നു. തനതു വിധിയിലൂടെയാണ് ദൈവം വിശുദ്ധർക്ക് സ്വർഗപ്രവേശനം നൽകിയിരിക്കുന്നത്. ഓരോരുത്തരുടെയും അന്ത്യവിധി തനതുവിധിയിൽനിന്ന് വ്യത്യസ്തമല്ല. അതുപോലെതന്നെ വിശുദ്ധരുടെയും, അന്ത്യവിധിയിൽ വിശുദ്ധരും ദൈവത്തോടൊത്ത് വാനമേഘങ്ങളിൽ ആഗതരാകും. വിശുദ്ധരെ സംബന്ധിച്ചിടത്തോളം തനതുവിധിയിൽ നിന്നും പൊതുവിധിയിലുള്ള വ്യത്യാസങ്ങൾ രണ്ടാണ്. എന്തുകൊണ്ട് ദൈവം അവർക്ക് സ്വർഗം കൊടുത്തു എന്നതും, അവരുടെ ജീവിതത്തിന്റെ മുഴുവൻ നന്മയും സകല സൃഷ്ടികൾക്കും മുമ്പിൽ വെളിപ്പെടുത്തുകയും, ആ വിശുദ്ധ പദവിക്ക് അവർ സർവഥാ യോഗ്യരാണെന്ന് ലോകത്തിന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. രണ്ടാമതായുള്ള വ്യത്യാസമെന്നു പറയുന്നത് വിശുദ്ധരുടെ ആത്മാക്കളാണ് അതുവരേയും സ്വർഗത്തിൽ നിത്യഭാഗ്യം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അന്ത്യവിധിയുടെ സമയത്ത് മറ്റെല്ലാമനുഷ്യരുടെയും ശരീരങ്ങൾ ഉയിർക്കുന്നതോടൊപ്പം ഈ വിശുദ്ധരുടെയും ശരീരങ്ങൾ ഉയിർക്കുകയും, അവ മഹത്വീകരിക്കപ്പെട്ട അവസ്ഥയിൽ സ്വർഗഭാഗ്യം അനുഭവിക്കുന്ന ആത്മാവുമായി കൂടിച്ചേരുകയും അങ്ങനെ, മനുഷ്യത്വത്തിന്റെ സമഗ്രതയിൽ അവർ സ്വർഗഭാഗ്യം അനുഭവിച്ചു തുടങ്ങുകയും ചെയ്യുന്നു. ഇതാണ് അന്ത്യവിധിയിലൂടെ സംഭവിക്കുന്ന യഥാർത്ഥമായ മാറ്റം.



മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച്
2023 ജൂലൈ 2 ന് നടത്തിയ അയ്യന്തോൾ ഇടവകയുടെ പ്രതിഷേധം





# നിയമാവബോധം



അഡ്വ. ജോമോൻ കുന്നത്ത്
സെന്റ് സേവിയേഴ്സ് യൂണിറ്റ്

## കുടുംബവും കുടുംബകോടതിയും – നിയമം

കഴിഞ്ഞ കുറച്ചുകാലമായി നമ്മൾ ഒരു വിവാഹബന്ധത്തിലേക്ക് പ്രവേശിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്തത്. ഇനി ഒരു വിവാഹബന്ധം ശിഥിലമാകുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളും അതിനുള്ള പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്യാം.

ഒരു വിവാഹബന്ധം ശിഥിലമായി. കോടതി വ്യവഹാരത്തിലേക്ക് നീങ്ങുമ്പോൾ, ആദ്യമായി വരുന്ന കേസുകളിൽ ഒന്ന് ഭാര്യക്കും മക്കൾക്കും ചിലവിന് ലഭിക്കണം എന്നതാണ്. വിവാഹിതയായ സ്ത്രീക്ക്, അതുപോലെതന്നെ ആ വിവാഹത്തിൽ ഉണ്ടാകുന്ന മക്കൾക്കും, ഭർത്താവിൽ/പിതാവിൽ നിന്നും ചിലവിന് ലഭിക്കുവാൻ അവകാശമുണ്ട്. രണ്ടുതരത്തിലാണ് അത്തരത്തിലുള്ള കേസ് കോടതിയിൽ ഫയൽ ആക്കുന്നത്. ഒന്ന് ക്രിമിനൽ നടപടിനിയമം 125 വകുപ്പ് പ്രകാരം. പിന്നെ ഒന്ന് സിവിൽ നിയമപ്രകാരം.

ക്രിമിനൽ നടപടി നിയമപ്രകാരം ഭാര്യയ്ക്കും 18 വയസ്സുവരെ ഉള്ള മക്കൾക്കും ചിലവിന് ലഭിക്കുവാൻ അവകാശമുണ്ട്. കൂടാതെ 18 വയസ്സ് പൂർത്തിയായ മക്കൾക്ക് മാനസികമോ ശാരീരികമോ ആയ എന്തെങ്കിലും പ്രശ്നങ്ങൾ മൂലം സ്വയം വരുമാനം ഉണ്ടാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അവർക്കും പിതാവിൽനിന്നും ചിലവിന് ലഭിക്കുവാൻ ക്രിമിനൽ നടപടിനിയമം 125 വകുപ്പ് പ്രകാരം അവകാശമുണ്ട്. ഇനി ചിലവിന് നൽകേണ്ടത് എത്ര രൂപയാണ് എന്ന കാര്യത്തിൽ കോടതി പരിഗണിക്കുന്നത് ഭർത്താവിന്റെ/പിതാവിന്റെ വരുമാനവും ജീവിതനിലവാരവും ആണ്. ഭർത്താവിനോടും/പിതാവിനോടും ഒപ്പം താമസിച്ചിരുന്ന സമയം ഭാര്യയും മക്കളും ഏത് നിലവാരത്തിൽ ആണോ ജീവിച്ചുവന്നിരുന്നത്, അതേ ജീവിതനിലവാരത്തിൽ തുടർന്നും ജീവിക്കുവാൻ ഭാര്യക്കും മക്കൾക്കും അവകാശമുണ്ട്. അത്തരത്തിൽ ജീവിക്കുന്നതിനുള്ള തുക എത്രയാണോ ആവശ്യമായിട്ടുള്ളത് അത് ഭർത്താവിന്റെ/പിതാവിന്റെ വരുമാനം പരിഗണിച്ചുകൊണ്ട് കോടതി നിശ്ചയിക്കുന്നതാണ്.

സിവിൽനിയമമനുസരിച്ച് ഉള്ള ഒരു മാറ്റം 18 വയസ്സ് പൂർത്തിയായ പെൺകുട്ടിക്ക് അവരുടെ വിവാഹം കഴിയുന്നതുവരെ അല്ലെങ്കിൽ അവർക്ക് സ്വന്തമായി വരുമാനം

ഉണ്ടാകുന്നതുവരെ ജീവിതചെലവ് പിതാവിൽനിന്നും ലഭിക്കുവാൻ അവകാശമുണ്ട് എന്നതാണ്. മറ്റൊരു പ്രധാന കാര്യം വിവാഹബന്ധം വേർപെടുത്തി കഴിഞ്ഞാലും ഭാര്യക്കും മക്കൾക്കും ഭർത്താവിൽ/പിതാവിൽ നിന്നും ചിലവിൽ ലഭിക്കാനുള്ള അവകാശം നിലനിൽക്കും എന്നതാണ്. ഭാര്യ മറ്റൊരു വിവാഹം കഴിക്കുന്നതുവരെ ആ അവകാശം തുടരുന്നതാണ്. കൂടാതെ ഭാര്യയ്ക്ക് സ്വന്തമായി ജോലിയും, ഭർത്താവിന്റെ ജീവിതനിലവാരമനുസരിച്ച് ജീവിക്കുന്നതിനുള്ള വരുമാനവും ഉണ്ടെങ്കിൽ, ടി കാര്യം കോടതിയിൽ തെളിയിക്കപ്പെട്ടാൽ, ഭർത്താവിൽനിന്നും ചിലവിന് ലഭിക്കുവാൻ അവകാശമില്ല. ഇപ്പോൾ പലരും ചിന്തിക്കുന്നത്, ഭർത്താവ് ജോലിക്ക് പോകാതിരുന്നാൽ ഭാര്യക്കും മക്കൾക്കും ചിലവിന് കൊടുക്കേണ്ടതില്ലല്ലോ എന്നാണ്. എന്നാൽ, കോടതി പരിഗണിക്കുന്നത്, ഭർത്താവിന്റെ വരുമാനമുണ്ടാക്കുന്നതിനുള്ള കഴിവാണ് (Earning Capacity). ഒരാളുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും അനുസൃതമായി അയാൾക്ക് ചെയ്യാവുന്ന ജോലിക്ക് പോയാൽ, അയാൾക്ക് എത്ര രൂപ വരുമാനം കിട്ടുമോ, അതായിരിക്കും അയാളുടെ വരുമാനമായി കണക്കാക്കുക.

---

***04-12-2022 ന് ഇടവകതലത്തിൽ പാരിഷ് ബുള്ളറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 30 മുതൽ 50 വയസ്സു വരെയുള്ള വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കവിത.***

# വിശുദ്ധി

***ഫ്രാൻജോ ഫ്രാൻസിസ്***
***സെ. പോൾസ് യൂണിറ്റ്***

വിശേഷ വിധിയാൽ
ശുദ്ധിചെയ്യപ്പെടേണ്ടതാണ്
വിശുദ്ധിയെന്നിരിക്കേ...
അവിശുദ്ധിയെ പ്രാപിക്കുവാനായി
തിടുക്കം കൂട്ടുന്നു ഈ തലമുറ
പുറമല്ല; അകമാണ് ശുദ്ധി വരുത്തേണ്ടതെന്ന
ഗുരുവിന്റെ വാക്കുകളിന്ന്
പുസ്തകങ്ങളിൽ മാത്രമൊതുക്കി
ജീവിതപ്രയാണം നടത്തുന്നു
വഴിപിഴച്ച ഈ തലമുറ
വിശുദ്ധിയുടെ വെള്ളിവെളിച്ചമായൊരു താരകം
തലയ്ക്കുമുകളിൽ ശോഭിച്ചു നിൽക്കവേ
ഇരുളടഞ്ഞ ഹൃദയവുമായി, വഴിയറിയാതെ
ഇരുട്ടിൽ തപ്പിതടയുന്നു ഈ തലമുറ

*04-12-2022 ന് ഇടവകതലത്തിൽ പാരിഷ് ബുള്ളറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 30 മുതൽ 50 വയസ്സു വരെയുള്ള വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ. ഉപന്യാസം*

# നാടുവിടുന്ന യുവതലമുറ

*ബെഞ്ചമിൻ, സെ. പീറ്റർ*

ഒരു സമൂഹത്തിന്റെ വളർച്ച എന്നത് ആ സമൂഹത്തിലെ യുവതലമുറയുടെ പ്രവർത്തനങ്ങൾ എങ്ങിനെ എന്ന് ആശ്രയിച്ചാണ്. നമ്മുടെ സംസ്കാരം ചരിത്രത്തിൽ. അടയാളപ്പെടുത്തുന്നത് യുവതലമുറയുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തികൊണ്ടാണ്. ഇന്ന് നമ്മുടെ നാട്ടിൽ വ്യാപകമായി കാണുന്ന ഒന്നാണ് ഉന്നത വിദ്യാഭ്യാസത്തിന് നമ്മുടെ കുട്ടികൾ വിദേശത്തേക്ക് പോകുന്നത്. ഇതിന് രണ്ട് ലക്ഷ്യങ്ങൾ ആണ്. 1. വളരെ നിലവാരമുള്ള ഉന്നത വിദ്യാഭ്യാസം.
2. വിദ്യാഭ്യാസത്തോടൊപ്പം ഉയർന്ന ശമ്പളത്തോടെയുള്ള ജോലിയും ലഭിക്കുന്നു എന്നത്.

എന്തുകൊണ്ട് നമ്മുടെ കുട്ടികൾ വിദേശത്തേക്ക്?

ലോകത്തിലെ തന്നെ അറിയപ്പെടുന്ന തരത്തിൽ ഉള്ള വിദ്യാഭ്യാസം നൽകുന്ന സംസ്ഥാനമാണ് കേരളം പിന്നെയും എന്തുകൊണ്ട് ഇപ്പോഴത്തെ തലമുറ. (പുതുതലമുറ) വിദേശത്തേക്ക് എന്നതിന് ഒരു ഉത്തരം എന്നത്. നമ്മുടെ വിദ്യാഭ്യാസം പ്രായോഗികതലത്തിൽ വരുമ്പോൾ പരാജയപ്പെടുന്നു. ഉദാഹരണത്തിന് വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ എന്ന ചിന്ത വിദേശരാജ്യങ്ങളിൽ. വളരെയേറെ പ്രോത്സാഹിപ്പിക്കുന്നുണ്ട് അത്. ആ രാജ്യത്തിലെ പുതുതലമുറയെ വിദ്യസമ്പന്നരാകുന്നതിനോടൊപ്പം സ്വന്തം കാലിൽ നിൽക്കുന്നതിന്റെ ഭാഗമായി സാമ്പത്തിക ഭദ്രത വളർത്തുന്നതിനും കാരണമാകുന്നു. എന്നാല് നമ്മുടെ നാട്ടിൽ വിദ്യാഭ്യാസത്തിനുശേഷം ജോലി എന്ന സംസ്കാരം നിലനിൽക്കുന്നു. ആയത് യുവതലമുറയെ പിന്നിലോട്ട് സഞ്ചരിപ്പിക്കുന്നതിനു കാരണമാകുന്നു.

ആഗോളവൽക്കരണത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ വിദ്യാഭ്യാസരംഗത്ത് വന്ന സ്വാശ്രയവിദ്യാഭ്യാസനയം. നമ്മുടെ വിദ്യാഭ്യാസത്തെ എത്രത്തോളം മുന്നോട്ട് കൊണ്ടുപോയി എന്നത് ചിന്തിക്കുന്നതും ഈ സാഹചര്യത്തിൽ ചിന്തിക്കുന്നത് നല്ലതാണ്. പലവിദ്യാഭ്യാസ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങളോ മറ്റും ഇല്ലാതെ പഠിപ്പിക്കുന്നത് നമ്മുടെ പുതുതലമുറയുടെ കഴിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ ഉന്നത് നിലവാരമുള്ള ജോലികൾക്കും മറ്റും പരിശ്രമിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസത്തിനേക്കാൾ മെച്ചപ്പെടുമെന്ന് കരുതുന്നത് വിദേശ വിദ്യാഭ്യാ

സത്തെയാണ്. ആയതിനാൽ വിദ്യാഭ്യാസത്തിന് പുതുതലമുറ വിദേശങ്ങളിലേക്ക് പോകുന്നു.

പഠിക്കുന്നതിനായി പോകുന്ന നമ്മുടെ കുട്ടികൾ വിദേശത്തെ നിയമങ്ങൾ സ്വസ്ഥപൂർണ്ണമായ ജീവിതം, ജീവിതരീതിയിലെ ഉയർച്ച സാമ്പത്തികഭദ്രത എന്നിവ കണക്കിലെടുത്താണ്. വിദേശത്ത് പ്രവാസിയായി കഴിയുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. വിദേശരാജ്യങ്ങൾ പ്രവാസികൾക്ക് നൽകുന്ന പരിഗണനയും നാട്ടിൽ ലഭിക്കുന്ന സ്വീകാര്യതയും കാരണം നാടുവിടുന്ന (പഠിക്കുന്നതിന് വേണ്ടി) യുവ തലമുറ ശിഷ്ടകാലം പ്രവാസം അഭികാമ്യം എന്ന് കരുതുന്നു.

നമ്മുടെ സമൂഹത്തിൽ (യുവതലമുറയെ) തിരിച്ചുകൊണ്ടുവരുന്നതിന് ശക്തമായ നടപടികൾ ഭരണനേതൃത്വത്തിലും സഭാതലത്തിലും വരികയാണെങ്കിൽ ഈ സ്ഥിതി വിശേഷത്തിന് മാറ്റം വരുന്നതാണ്. പ്രവാസത്തിൽനിന്നും ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക് എന്നതാകട്ടെ നമ്മുടെ പ്രാർത്ഥനയും പ്രത്യാശയും പ്രവർത്തനവും.

---

***04-12-2022 ന് ഇടവകതലത്തിൽ പാരീഷ് ബുള്ളറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 30 മുതൽ 50 വയസ്സു വരെയുള്ള വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ. ചെറുകഥ***

# ലഹരി

## മരണം ഒന്നിനും പരിഹാരമല്ല

***ലിഡിയ ബൈജു, ക്രിസ്തുരാജാ യൂണിറ്റ്***

ദേശമംഗലം എന്ന നാട്ടിൽ ഒരു ബുദ്ധമാനായ കുട്ടിയുണ്ടായിരുന്നു. പഠിത്തത്തിൽ മിടുക്കൻ. എല്ലാ ക്ലാസ്സിലും ഒന്നാമൻ. പത്താംതരം കഴിഞ്ഞപ്പോൾ തുടർപഠനത്തിനായി അവർ ഡൽഹിയിൽ പോയി. അവിടെവെച്ച് അവന് പുതിയ കുറച്ച് കൂട്ടുകാരെ കിട്ടി. ആദ്യമൊക്കെ വളരെ രസമായിരുന്നു. പിന്നെ പിന്നെ ഇവർ പുതിയ രസങ്ങൾ കണ്ടുപിടിക്കാൻ തുടങ്ങി ആദ്യകാലങ്ങളിൽ കോളേജിൽ രസത്തിനായി ചെറിയ ലഹരി ഉപയോഗം തുടങ്ങി. പിന്നീട് അത് വളരെ അധികം കൂടി മയക്കുമരുന്നിൽ വന്ന് അവസാനിച്ചു. അതുകൂടാതെ വന്നപ്പോൾ അവൻ കാശിനായി പല ക്രൂരതകളും കാണിച്ചുതുടങ്ങി. കാശിനുവേണ്ടി ആരെയും കൊല്ലും എന്നായി. ഒരു ദിവസം അവന് ഒരു കൊട്ടേഷൻ കിട്ടി. ഒരു ജ്വല്ലറി ഉടമയെ തട്ടിക്കൊണ്ടുപോവുക. അവൻ അതും ചെയ്തു. ചെയ്തുകഴിഞ്ഞപ്പോഴാണ് മനസ്സിലായത്. അത് തന്റെ സ്വന്തം ജ്യേഷ്ഠനാണെന്ന്. അതിൽ അവനു കുറ്റബോധം തോന്നി അവനു തിരിച്ചു വരണം എന്ന ബോധമുണ്ടായി പക്ഷെ അപ്പോഴെക്കും അവൻ തിരിച്ചുവരാൻ കഴിയാത്തവിധം പെട്ടുപോയിരുന്നു.

പിന്നീട് അവനു ചെയ്യാൻ കഴിയുന്ന ഒരേ ഒരു കാര്യം മരണം മാത്രമായിരുന്നു. മരണം ഒന്നിനും ഒരു പരിഹാരമല്ല അറിവുണ്ടായിട്ടും അവന് അത് ചെയ്യേണ്ടി വന്നു.

# സ്വർഗ്ഗാരോപിത മാതാവിന്റെ ഊട്ടുതിരുനാൾ 2023 ആഗസ്റ്റ് 14,15

**ആവശ്യമുള്ള സാധനങ്ങൾ മുഴുവനായോ, ഭാഗികമായോ സ്പോൺസർ ചെയ്യാവുന്നതാണ്.**

| ITEM | K.G. | AMOUNT |
|---|---|---|
| വെളിച്ചെണ്ണ | 85 KG | 12,500/ രൂപ |
| ശർക്കര | 260 KG | 12,000/ രൂപ |
| തുവരപരിപ്പ് | 65 KG | 10,000/ രൂപ |
| കായം | 4 KG | 5,500/ രൂപ |
| വെള്ളപയർ | 55 KG | 5,300/ രൂപ |
| മുളകുപൊടി | 13 KG | 4,700/ രൂപ |
| മുളക് | 9 KG | 2,600/ രൂപ |
| നല്ലെണ്ണ | 10 KG | 1,500/ രൂപ |
| പൊന്നി അരി | 1 ചാക്ക് | 2,500/ രൂപ |
| മല്ലി | 10 KG | 900/ രൂപ |
| ചുക്കുപൊടി | 3 KG | 1,500/രൂപ |
| ജീരകംപൊടി | 3 KG | 1,800/രൂപ |
| പുളി | 10 KG | 1,200/രൂപ |
| കറുത്തപുളി | 11 KG | 1,500/രൂപ |
| ജീരകം | 3 KG | 2,100/രൂപ |
| കടലപരിപ്പ് | 10 KG | 800/രൂപ |
| കുരുമുളക് പൊടി | 1 KG | 900/ രൂപ |
| കടുക് | 6 KG | 500/രൂപ |
| ഉപ്പ് | 32 KG | 400/ രൂപ |
| മഞ്ഞൾപൊടി | 2 KG | 400/രൂപ |
| ഉഴുന്നുപരിപ്പ് | 2 KG | 250/ രൂപ |
| അരി | 1 ചാക്ക് | 2,500/ രൂപ |
| പപ്പടം | 500 എണ്ണത്തിന്റെ കെട്ട് | 700/ രൂപ |




**പാഠ്യഭാഗം – ജറെമിയ 1–15**

---

1. ജറെമിയായുടെ പിതാവിന്റെ പേര്?
2. ജറെമിയായ്ക്കു കർത്താവിന്റെ അരുളപ്പാടുണ്ടായത് ആരുടെ കാലത്താണ്?
3. ജാഗ്രതാവൃക്ഷം എന്ന വാക്കിന്റെ അർത്ഥം?
4. കർത്താവിന്റെ വിശുദ്ധ ജനം?
5. കർത്താവിന്റെ സിംഹാസനം എന്ന് അത് വിളിക്കപ്പെടും. ഏത്?
6. ജെറുസലെമിൽ പുതിയ അകൃത്യങ്ങൾ നിറയുന്നത് ഏതുപോലെയാണ്?
7. ഹൃദയത്തിൽ അപരിച്ഛേദിതരായവർ ആരാണ്?
8. സത്യദൈവവും ജീവിക്കുന്ന ദൈവവും നിത്യനായ രാജാവും അവിടുന്ന് മാത്രം. ആരാണ്?
9. അരക്കച്ച അരയോട് ചേർന്നിരിക്കുന്നതുപോലെ ആരൊക്കെ തന്നോട് ചേർന്നിരിക്കണമെന്നാണ് കർത്താവ് ആഗ്രഹിച്ചത്?
10. ആരെല്ലാം എന്റെ മുൻപിൽ നിന്ന് യാചിച്ചാൽ പോലും ഞാൻ കരുണ കാണിക്കുകയില്ല, ആരെല്ലാം?

## 2023 ജൂൺ – ലോഗോസ് ക്വിസ് ഉത്തരങ്ങൾ

**ഏശയ്യാ 41 – 66 വരെ**

1. ഞാൻ നിന്നെ പുതിയതും മൂർച്ചയേറിയതും പല്ലുള്ള ചക്രങ്ങളോടുകൂടിയതുമായ ഒരു - 41/15
2. സ്തുതിയുടെ മേലങ്കി - 61/3
3. നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തേയും തമ്മിൽ അകറ്റിയിരിക്കുന്നു. നിന്റെ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽനിന്നും മറച്ചിരിക്കുന്നു. 59/2
4. ഫലരഹിതമായി 55/11
5. മരണത്തിന് - 53/12

6. ജറുസലേമിലേക്ക് 66/12
7. ഞാൻ സൃഷ്ടിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും - 66/22
8. 42, 49, 50, 52
9. കർത്താവിന്റെ ഭുജം - 51/9
10. സദ്വാർത്ത അറിയിക്കുകയും സമാധാനം വിളംബരം ചെയ്യുകയും രക്ഷയുടെ സന്ദേശം പ്രഘോഷിക്കുകയും സീയോനോടു നിന്റെ ദൈവം ഭരിക്കുന്നുവെന്ന് പറയുകയും ചെയ്യുന്നവന്റെ - 52/7

## ജൂൺ 2023 ശരിയുത്തരം അയച്ചവർ

1. മേഴ്സി ജെസീന്റോ, സെന്റ്. തോമസ്
2. ലൂസി ജോയ്, സെന്റ്. സേവ്യേഴ്സ്
3. ജോസഫീന ജോയ്, സെന്റ്. മേരീസ്
4. ഡെയ്സി അന്തപ്പൻ, സെന്റ്. മേരീസ്

## നറുക്കെടുപ്പിലൂടെ വിജയിയായത്

**ജോസഫീന ജോയ്, സെന്റ്. മേരീസ്**



അതിരൂപത ആൾട്ടർ ബോയ്സ് അസോസിയേഷൻ പ്രസിഡന്റ് ആയി തെരെഞ്ഞെടുക്കപ്പെട്ട ഫ്രാങ്കോ ആന്റണി ഇമ്മാനുവേലിന് ക്രിസ്തു രാജ യൂണിറ്റ് അഭിനന്ദനങ്ങൾ

# ഇടവകയുടെ അഭിനന്ദനങ്ങൾ



**DAVAPRATHAB JOY**
RANK HOLDER
IN NEET



**HRIDYA VINU**
RANK HOLDER
IN KEAM



**DEVPAUL JOY K.**
FULL A 1
PLUS II



**FINU WILSON**
FULL A 1 (CBSE)
PLUS II



**MERIN SARA ALAPPATT**
FULL A 1 (CBSE)
PLUS II



**CHRISTEENA BIJU**
FULL A +
PLUS II



**Jismi A.F**
FULL A +
PLUS II



**SANIYA JOY**
FULL A +
SSLC



# ഞങ്ങൾ വരവായി



| Reg. No. | ജനനം | മാമ്മോദീസ | |
|---|---|---|---|
| 11.2023 – | 13.04.2023 | 04.06.2023. | ജോസഫ് പനയ്ക്കൽ & ചിന്നു മാത്യു മകൾ റോസ് (ഇവ റോസ് ജോസഫ്) |
| 13/2023 – | 08.06.2023 | 25.06.2023 | ചാലിശ്ശേരി ജിസ്‌വിൻ സി. ജസിന്റോ & നൈസി പാപ്പച്ചൻ മകൾ മേഴ്‌സി (ആൻ മരിയ ജിസ്‌വിൻ) |
| 03/2023 – | 19.11.2022 | 21.01.2023 | മുതിരപറമ്പിൽ ആന്റണി & ജോസ്മി മകൾ മറിയം (റെയ്ച്ചൽ സേറ ആന്റണി) |
| 65/2023 – | 25.01.2023 | 04.05.2023 | കുത്തൂര് ജോമോൻ ജോസ് & സീന മകൾ മറിയം (മാലാഖ മറിയം) |
| 14/2023 – | 17.03.2023 | 13.05.2023 | വട്ടത്തറ ജോർജ്ജ് ചെറിയാൻ & ചിഞ്ചു ട്രീസ മകൻ ജോസഫ് ( ഇവാൻ ജോർജ്ജ് വട്ടത്തറ) |
| 08/2023 – | 08.11.2022 | 10.06.223 | തറയിൽ ജിജോ & രേഷ്മ മകൻ അന്തോണി (റാഫേൽ ജിജോ) |



# ഞങ്ങൾ ഒന്നായി



04.06.2023 — അയ്യന്തോൾ ഇടവക കരേരക്കാട്ടിൽ ഡേവിസ് & പുഷ്പം മകൻ ഡിജോ ഡേവിസ് + തൈക്കാട്ടുശ്ശേരി ഇടവക മുത്തിപീടിക ജോസഫ് & ജീന മകൾ ജെമി റോസ്.

# ഞങ്ങൾ യാത്രയായി

06.2023 — 22.06.2023 — വൈലത്തൂർ തലക്കോടൻ ലോനപ്പൻ ഭാര്യ അനി (82 വയസ്സ്) സെന്റ് ജോസഫ് യൂണിറ്റ്

# ഇടവകയിലേക്ക് വന്നവർ

07.06.2023 – തൈക്കാട്ടിൽ വർഗ്ഗീസ് മകൻ പ്രശാന്ത് & ഫാമിലി (സെന്റ് അൽഫോൻസ യൂണിറ്റ്)

# ചായക്കൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് ജൂലൈ 20-ാം തിയ്യതിക്കു
മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

## ചായമിടൽ മത്സര വിജയി – ജൂൺ 2023

**അന്ന മരിയ കെ.എസ്.**

ഹോളി ഫാമിലി




FLAGSHIP STORES: MAIN ROAD, CHAVAKKAD | NEAR VADAKKE STAND, THRISSUR
+91 94478 57788, +91 96453 88881 ttdevassyjewellers.com ttdevassyjewellers




Ocean
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393